# ഖത്മുന്നുബുവ്വത്ത്: ഹാറൂൻ യഹ്‌യാ എഴുതിയത്

**'ഹാറൂൻ** യഹ്‌യാ ഖത്മുന്നുബുവ്വത്ത് നിഷേധിക്കുന്നു' എന്ന് ആരോപിക്കുന്ന എന്റെ ലേഖനം *പ്രബോധനം* ലക്കം 45-ൽ പ്രസിദ്ധീകരിച്ചിരുന്നുവല്ലോ. ഈ ആരോപണം സംബന്ധിച്ച് അദ്ദേഹത്തിന്റെ ഇമെയിൽ മറുപടി, ഒരു വായനക്കാരന്റെ കത്തിലൂടെ *പ്രബോധന*ത്തിൽ (ലക്കം 48) വായിച്ചു.

'മുഹമ്മദ് നബി അന്ത്യപ്രവാചകനാണെന്ന് ഹാറൂൻ യഹ്‌യാ വിശ്വസിക്കുന്നു. ഈ വിശ്വാസം ഖുർആൻ 33:40-നെ അടിസ്ഥാനമാക്കിയുള്ളതാണ്. മഹ്ദി ഒരു പ്രവാചകനാണെന്ന് അദ്ദേഹം കരുതുന്നില്ല.' ഇതാണ് വിശദീകരണത്തിന്റെ ഒന്നാം ഭാഗം. ഈ പറഞ്ഞതിൽ കുഴപ്പമൊന്നുമില്ല.

വിശദീകരണത്തിന്റെ രണ്ടാം ഭാഗം ശ്രദ്ധിക്കുക: Mahdi calls all men to Islam and Mahdi is a messenger of Allah Who communicates Islam (മഹ്ദി എല്ലാവരെയും ഇസ്‌ലാമിലേക്ക് ക്ഷണിക്കും. മഹ്ദി അല്ലാഹുവിന്റെ ഒരു ദൂതനാകുന്നു. അദ്ദേഹം ഇസ്‌ലാം പ്രബോധനം ചെയ്യും). ഹാറൂൻ യഹ്‌യായുടെ ഈ സന്ദേശം *പ്രബോധന*ത്തിലേക്ക് അയച്ചയാൾ, ഈ വാചകം വിവർത്തനം ചെയ്യാതെ വിട്ടുകളഞ്ഞിട്ടുണ്ട്. അതോടൊപ്പം ശേഷമുള്ള വാചകത്തിന് വികലമായ വിവർത്തനം നൽകുക കൂടി ചെയ്തതിലൂടെ, മലയാളം (മാത്രം) വായിക്കുന്നവർ തെറ്റിദ്ധരിക്കാൻ ഇടയാകുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഇംഗ്ലീഷ് വാചകവും അതിന്റെ പ്രസിദ്ധീകരിക്കപ്പെട്ട വിവർത്തനവും കാണുക: This issue that you mention may be due to a misunderstanding about 'messenger' (മഹ്ദിയെ കുറിക്കാൻ 'മെസഞ്ചർ' എന്ന വാക്കുപയോഗിച്ചതാണ് തെറ്റിദ്ധാരണക്കിടയാക്കിയതെന്ന് തോന്നുന്നു). ഇത് വിവർത്തനം ചെയ്യേണ്ടതിങ്ങനെയായിരുന്നു: 'താങ്കൾ പറഞ്ഞ ഈ പ്രശ്നം (ഉണ്ടായത്) ദൂതൻ എന്ന വാക്കിനെക്കുറിച്ചുള്ള തെറ്റിദ്ധാരണ മൂലമായിരിക്കാം.' അതായത്, ഹാറൂൻ യഹ്‌യായെ വിമർശിച്ച എനിക്ക് messsenger (റസൂൽ) എന്ന വാക്കിനെക്കുറിച്ച് തെറ്റായ ധാരണയാണുള്ളത്, അതാണ് വിമർശനത്തിന് കാരണമായത് എന്നാണ് അദ്ദേഹം എഴുതിയത്.


അതേസമയം, messenger (റസൂൽ) എന്ന വാക്കിനെക്കുറിച്ച് ഹാറൂൻ യഹ്‌യാ പഠിപ്പിക്കുന്ന 'ശരിയായ ധാരണ' ഇതാണെന്നാണ് മനസ്സിലാകുന്നത്: 'അല്ലാഹുവിൽനിന്ന് അയക്കപ്പെട്ട എല്ലാവർക്കും റസൂൽ എന്ന് പറയാം. അതോടൊപ്പം, ഗ്രന്ഥം നൽകപ്പെടുക കൂടി ചെയ്തയാൾക്ക് മാത്രമാണ് നബി എന്ന് പറയുക. അഥവാ, അങ്ങനെയുള്ളയാൾ റസൂലും നബിയുമായിരിക്കും. എന്നാൽ, ഗ്രന്ഥം നൽകപ്പെട്ടിട്ടില്ലാത്തയാൾ 'റസൂൽ' മാത്രമാണ് (ഇക്കാര്യത്തിൽ ഇദ്ദേഹത്തിന് റശാദ് ഖലീഫയോട് അപ്രഖ്യാപിത കടപ്പാടുണ്ട്)'.

മുഹമ്മദ് നബി അന്ത്യപ്രവാചകനാണെന്ന് സമ്മതിക്കുമ്പോൾ, 'ഗ്രന്ഥവുമായി വരുന്ന അവസാനത്തെയാൾ മുഹമ്മദ് നബിയാണ്' എന്നേ ഹാറൂൻ യഹ്‌യാ അർഥമാക്കുന്നുള്ളൂ. ഇതിന് അനുകൂലമായി മേൽ പറഞ്ഞ സന്ദേശത്തിൽ തന്നെയുള്ള തെളിവ് കാണുക: 'Mahdi is a messenger of Allah' (മഹ്ദി അല്ലാഹുവിന്റെ ഒരു ദൂതനാകുന്നു). ഈ വാചകം അറബിയിലേക്ക് വിവർത്തനം ചെയ്താൽ مهدى رسول الله എന്നാണ് പറയേണ്ടിവരിക.

അവസാനകാലത്ത് വരുമെന്ന് ഹദീസുകളിൽ (മാത്രം) പ്രവചിക്കപ്പെട്ട മഹ്ദി, മുഹമ്മദ് നബിക്ക് ശേഷം വരുന്ന ഒരു റസൂലാണെന്ന് ഹാറൂൻ യഹ്‌യാ വിശ്വസിക്കുന്നു. ഈ വാദം സ്ഥാപിക്കാൻ വേണ്ടി അദ്ദേഹം ഖുർആൻ സൂക്തങ്ങൾ ദുർവ്യാഖ്യാനം ചെയ്തിട്ടുണ്ട്. ഖുർആൻ 3:81-ൽ അല്ലാഹു പ്രവാചകന്മാരിൽനിന്ന് വാങ്ങിയ കരാറിലൂടെ ഒരു റസൂലിൽ വിശ്വസിക്കാൻ ആവശ്യപ്പെട്ടതായി പറഞ്ഞിട്ടുണ്ടല്ലോ. ഈ റസൂൽ മുഹമ്മദ് നബിയാണെന്ന് ലോക മുസ്‌ലിംകൾ വിശ്വസിക്കുന്നു. എന്നാൽ ഈ സൂക്തത്തിൽ പ്രതിപാദിക്കപ്പെട്ട റസൂൽ, മുഹമ്മദ് നബി അല്ലെന്നും പ്രത്യുത മഹ്ദി ആണെന്നുമാണ് ഹാറൂൻ യഹ്‌യായുടെ വാദം. ഈ സൂക്തം മഹ്ദിയുടെ വരവിനെ സൂചിപ്പിക്കുന്ന ഖുർആൻ സൂക്തമാണെന്ന് അദ്ദേഹം വിശേഷിപ്പിച്ചത് കാണുക: One of the verses in the Qur'an pointing to the coming of Mahdi refers to 'a messenger who will appear after Prophet Muhammad (may Allah bless him and grant him peace) (മഹ്ദിയുടെ വരവിനെ സൂചിപ്പിക്കുന്ന ഖുർആൻ സൂക്തങ്ങളിലൊന്നിൽ അദ്ദേഹത്തെ മുഹമ്മദ് നബിക്ക് ശേഷം വരുന്ന ദൂതനായിട്ട് പരാമർശിച്ചിരിക്കുന്നു-പേജ് 75, Mahdi a descendant of prophet Abraham, by HY).

രണ്ടാമതായി, ഈസാ(അ) തനിക്ക് ശേഷം വരാനിരിക്കുന്ന അഹ്മദ് എന്ന്

## കത്തുകൾ




## പ്രമുഖരെ വിമർശിക്കുമ്പോൾ

**ഹാറൂൻ** യഹ്‌യായുടെ പുതിയ പുസ്തകത്തെക്കുറിച്ച് കെ.കെ ആലിക്കോയ എഴുതിയ കുറിപ്പും (ലക്കം 45) അതിന് സുഹൈറലി തിരുവിഴാംകുന്ന് മുഖേന ഹാറൂൻ യഹ്‌യാ നൽകിയ മറുപടിയും (ലക്കം 48) വായിച്ചു. അനേകം ഗ്രന്ഥങ്ങളുടെ കർത്താവും ലോകപ്രശസ്ത ഇസ്‌ലാമിക ഗവേഷകനുമാണ് ഹാറൂൻ യഹ്‌യാ. അദ്ദേഹത്തിനെതിരെ പ്രവാചകത്വ പരിസമാപ്തി നിഷേധിച്ചതുപോലുള്ള ആരോപണങ്ങൾ ഉന്നയിക്കുന്നതിനു മുമ്പ് അദ്ദേഹത്തോട് നേരിട്ട് വിശദീകരണം ചോദിക്കേണ്ടതായിരുന്നു. എന്നിട്ടേ വിമർശകർ അവരുടെ അഭിപ്രായം എഴുതാൻ പാടുള്ളൂ. കാരണം, അത് വലിയ തെറ്റിദ്ധാരണകൾക്ക് ഇടവരുത്തും. ഹാറൂൻ യഹ്‌യായെ സംബന്ധിച്ച ലേഖനം വായിച്ചപ്പോൾ വളരെ നിരാശ തോന്നി. അദ്ദേഹത്തിന്റെ ഇ-മെയിൽ മറുപടി വായിച്ചപ്പോഴാണ് തെറ്റിദ്ധാരണകൾ നീങ്ങിയത്.

**അസീം അഹ്സൻ കണ്ണൂർ**

പേരുള്ള ഒരു റസൂലിനെക്കുറിച്ച് സുവിശേഷമറിയിച്ചതായി ഖുർആൻ 61:6-ൽ പറഞ്ഞിട്ടുണ്ടല്ലോ. ഇപ്പറഞ്ഞ അഹ്മദ് എന്ന റസൂൽ മുഹമ്മദ് നബി തന്നെയാണെന്ന് മുസ്‌ലിം ലോകം വിശ്വസിക്കുന്നു. എന്നാൽ, ഇതിന് വിരുദ്ധമായി ഈസാ നബിയാൽ പ്രവചിക്കപ്പെട്ടത് മഹ്ദിയാണെന്നാണ് ഹാറൂൻ യഹ്‌യായുടെ വാദം. ഉപരിസൂചിത ഗ്രന്ഥത്തിൽ നിന്ന് ഈ വാദമുൾക്കൊള്ളുന്ന ഭാഗത്തിന്റെ വിവർത്തനം എന്റെ ലേഖനത്തിൽ ഉദ്ധരിച്ചിട്ടുണ്ടായിരുന്നു. ഒറിജിനൽ ആവശ്യമുള്ളവർക്ക് ഇമെയിലിൽ അയച്ചുതരുന്നതാണ്. പുസ്തകം ഡൗൺലോഡ് ചെയ്യാം: http:/harunyahya.com/books/faith/descendent/descendent_01.php

മുഹമ്മദ് നബിക്ക് ശേഷം അഹ്മദ് എന്ന പേരുള്ള ഒരു ദൂതൻ (റസൂൽ) വരുമെന്ന് വിശ്വസിക്കുന്ന ഒരാൾ, താൻ ഖത്മുന്നുബുവ്വത്തിൽ വിശ്വസിക്കുന്നു എന്ന് അവകാശപ്പെട്ടാൽ തന്നെ നാമത് സമ്മതിച്ചുകൊടുക്കേണ്ടതുണ്ടോ? വാചകക്കസർത്തിൽ താൽപര്യമുള്ളവർക്ക് വേണമെങ്കിൽ ഇങ്ങനെ പറയാം: ഹാറൂൻ യഹ്‌യാ 'ഖത്മുന്നുബുവ്വത്ത്' നിഷേധിച്ചിട്ടില്ല; 'ഖത്മുർരിസാലത്ത്' മാത്രമേ നിഷേധിച്ചിട്ടുള്ളൂ.

എന്റെ ചോദ്യമിതാണ്: ഖത്മുന്നുബുവ്വത്തും ഖത്മുർരിസാലത്തും തമ്മിലുള്ള വ്യത്യാസമെന്താണ്?

**കെ.കെ ആലിക്കോയ**
alikoyakk@gmail.com

# പ്രസ്ഥാനം തന്നെ ജീവിതം

**വി.പി** ഇസ്മാഈൽ ഹാജിയെക്കുറിച്ചു വന്ന അനുസ്മരണക്കുറിപ്പിന് (ലക്കം 49) അനുബന്ധമാണിത്. പ്രസ്ഥാനം തന്നെ തൊഴിലും കുടുംബവും സുഖവും ദുഃഖവുമൊക്കെയായി മാറിയ അപൂർവാനുഭവമാണ് ഇസ്മാഈൽ ഹാജിയുടേത്. കുടുംബത്തിന് മൂന്ന് വിപത്തുക്കൾ ഒന്നിച്ചു നേരിടേണ്ടി വന്നപ്പോൾ അദ്ദേഹം പ്രദർശിപ്പിച്ച ക്ഷമ അന്യാദൃശമായിരുന്നു. പ്രസ്ഥാന പ്രവർത്തനത്തിൽ അദ്ദേഹം ആശ്വാസം കണ്ടെത്തി. ദുരിതങ്ങൾ ദുരിതങ്ങളുടെ പണിയെടുക്കുക, ഹാജി ഹാജിയുടെ പണിയെടുക്കുക - ഇതായിരുന്നു രീതി.

ആറുപതിറ്റാണ്ടോളം കാലം അദ്ദേഹം പ്രവർത്തിച്ചുകൊണ്ടേ ജീവിച്ചു. ശയ്യാവലംബിയായത് ഏതാനും ദിവസം മാത്രം. എപ്പോഴും എവിടെയും അതിരാവിലെ എത്തുക എന്നത് അദ്ദേഹത്തിന്റെ ഒരിക്കലും തെറ്റാത്ത നിഷ്ഠയായിരുന്നു. നേരം വെളുത്തശേഷം പുറപ്പെട്ടാൽ മതിയാവുന്ന സ്ഥലത്തേക്ക് പോകാൻ സുബ്ഹിന് മുമ്പേ കൊടുവള്ളിയിലേക്ക് ഇരുട്ടത്ത് പുറപ്പെടുകയായിരുന്നു അദ്ദേഹത്തിന്റെ രീതി. സമൂഹത്തിലെ നാനാജാതി വിഭാഗങ്ങളിൽ പെടുന്നവരുടെ സ്നേഹാദരങ്ങൾ നിർലോഭം അദ്ദേഹത്തിന് ലഭിച്ചിരുന്നു.

ഇസ്മാഈൽ ഹാജിയെ സംബന്ധിച്ചേടത്തോളം പൊതുപ്രവർത്തന രംഗം വിട്ടുള്ള ഒരു ജീവിതം തന്നെയുണ്ടായിരുന്നില്ല. കൊടുവള്ളിയിൽനിന്ന് പറമ്പത്ത്കാവിലേക്ക് റോഡുണ്ടാക്കാൻ മുൻകൈയെടുത്തവരിൽ പ്രധാനി ഹാജിയായിരുന്നു. അതിനുവേണ്ടി ഏറ്റവും കൂടുതൽ സ്ഥലം വിട്ടുകൊടുത്തതും അദ്ദേഹത്തിന്റെ കുടുംബമായിരുന്നു. തന്റെ ഓർമക്കുറിപ്പുകൾ അദ്ദേഹം സംക്ഷിപ്തമായി എഴുതിവെച്ചിട്ടുണ്ട്.

**അബ്ദുല്ലത്വീഫ് കൊടുവള്ളി**

# അതുല്യമായ കർമമാതൃക

**അമ്പതുകളിൽ** തനി ഓണം കേറാ മൂലയായിരുന്ന വയനാട് ജില്ലയിൽ ഇസ്‌ലാമിന്റെയും ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെയും ശബ്ദമെത്തിക്കുന്നതിൽ ഇസ്മാഈൽ ഹാജി വഹിച്ച പങ്ക് എന്നും ഓർമിക്കപ്പെടും. വാഗ്മിയോ എഴുത്തുകാരനോ അല്ലാതിരുന്നിട്ടും, ലളിത ജീവിതശൈലി, മിതഭാഷണം, വിനയം, സംഘാടന പാടവം എന്നിവ കൊണ്ട് അദ്ദേഹം ജനഹൃദയങ്ങളെ കീഴടക്കി. തൊഴിലിന്റെ ഭാഗമായി വയനാട്ടിലെത്തി. അവസാനം തൊഴിലുപേക്ഷിച്ച് മുഴുസമയ പ്രസ്ഥാന പ്രവർത്തകനായി. പരിചയപ്പെടുന്ന ഏത് വ്യക്തിയേയും ഓർമിച്ച് വെക്കുകയും ആ സൗഹൃദം പുതുക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ആ മാതൃക പുതുതലമുറ പരിശീലിക്കേണ്ടതാണ്.

വിശ്രമജീവിതം അദ്ദേഹത്തിന്റെ അജണ്ടയിലില്ലായിരുന്നു. ഭാര്യയുടെ മരണം പോലും കർമപഥത്തിൽനിന്ന് അദ്ദേഹത്തെ പിന്നോട്ടടിപ്പിച്ചില്ല. അനാരോഗ്യം വകവെക്കാതെ താൻ ഏറ്റവുമധികം സ്നേഹിക്കുന്ന പ്രവർത്തകരെ കാണാൻ വിയോഗത്തിനു രണ്ടാഴ്ചമുമ്പോലും അദ്ദേഹം വയനാട് ചുരം കയറി. അവധിദിനമല്ലാതിരുന്നിട്ടും കുടുംബസമേതം വയനാട്ടിൽനിന്ന് കൊടുവള്ളിയിലേക്ക് ജനാസ നമസ്കാരത്തിൽ പങ്കെടുക്കാനെത്തിയ നൂറുകണക്കിന് പ്രവർത്തകരും സുഹൃത്തുക്കളും അദ്ദേഹത്തിന്റെ ത്യാഗജീവിതത്തിന്റെ നിദർശനമാണ്.

വിവിധ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ സംഘടനകളുമായും നേതാക്കന്മാരുമായും അദ്ദേഹത്തിന് ഊഷ്മള ബന്ധമുണ്ടായിരുന്നു. ത്രിതല പഞ്ചായത്ത് സാരഥികളുമായി ജനകീയ പ്രശ്നങ്ങളിൽ നിരന്തരം ഇടപെട്ടുകൊണ്ടിരുന്നു. ആദിവാസികൾക്കിടയിൽ വളരെ സുപരിചിതനായിരുന്നു ഹാജി. ആദിവാസി ഭാഷ അദ്ദേഹത്തിന് നല്ല പോലെ വഴങ്ങുമായിരുന്നു. ദഅ്‌വത്ത് കാര്യക്ഷമമാവണമെങ്കിൽ പ്രബോധിതരുടെ ഭാഷ പഠിക്കാൻ തയാറാവണമെന്ന് പ്രവർത്തകരെ ഉദ്ബോധിപ്പിക്കാറുമുണ്ടായിരുന്നു.

പിണങ്ങോട് ഇസ്‌ലാമിയാ കോളേജിനെ ജില്ലയിലെ വലിയൊരു സാംസ്കാരിക കേന്ദ്രമാക്കി ഉയർത്തുക എന്ന ചിരകാല സ്വപ്നം സാക്ഷാൽക്കരിച്ചുകൊണ്ടാണ് അദ്ദേഹം വിടപറഞ്ഞത്.

**അബൂഹലീം**
**വയനാട്**